നം.20/2017/SRG/CC (18)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.02.2018 ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം ഉച്ചയ്ക്ക് ശേഷം 2.00 മണിക്ക് നിയമസഭാ മന്ദിരത്തിലെ 610-ാം നമ്പർ ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം ഹാജർ രജിസ്റ്റർ പ്രകാരം

### 1.പദ്ധതി പുരോഗതി അവലോകനം

======================

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഈ വർഷത്തെ ഇതുവരെയുള്ള പദ്ധതി ചെലവ് 45.09 ശതമാനമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | - | 51.54 | ശതമാനം |
| ബ്ലോക്ക് പഞ്ചായത്ത് | - | 45.94 | ,, |
| മുനിസിപ്പാലിറ്റി | - | 43.56 | ,, |
| കോർപ്പറേഷൻ | - | 36.95 | ,, |
| ജില്ലാ പഞ്ചായത്ത് | - | 28.11 | ,, |

ഏറ്റവും കൂടുതൽ പദ്ധതി ചെലവ് കോട്ടയം ജില്ലയിലും കുറവ് കോഴിക്കോട് ജില്ലയിലുമാണ്. ട്രഷറികളിൽ 198.00 കോടി രൂപയുടെ ബില്ല് ഇനിയും മാറാനുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ ബില്ലുകളുടെ ആകെ തുകയാണ് ഇതെന്നും ട്രഷറികളിൽ നിന്ന് തുക നൽകാനായുള്ള അംഗീകാര യോഗ്യമായ ബില്ലുകളുടെ തുക ഇത്രയും ഇല്ലെന്നും യോഗം വിലയിരുത്തി. തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരും ഇവ പരിശോധിച്ച് ബിൽ തുക മാറി എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വലിയ അടങ്കലുള്ള പ്രവൃത്തികളുടെ, പ്രത്യേകിച്ച് നിർമ്മാണ പ്രവൃത്തികളുടെ, പാർട്ട് ബില്ലുകൾ തയ്യാറാക്കി ട്രഷറിക്ക് സമർപ്പിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ , പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ ഇത് കൃത്യമായി മോണിട്ടർ ചെയ്യണം.

നടപടി:- 1) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ

## 2. മുൻകോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട

=====================================================

**വിഷയങ്ങൾ**

=========

**2.1 13.12.2017-ലെ കോർഡിനേഷൻ കമ്മിറ്റിയോഗത്തിലെ തീരുമാനപ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ**

**ഖണ്ഡിക 4.10**

**4.10 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.10.2017-ലെ P1-315/2017/TDP നമ്പർ കത്തും**

(2) പ്രോ.നം 157 - മെച്ചപ്പെട്ട വിദ്യാഭ്യാസം - അടങ്കൽ 20.00 ലക്ഷം രൂപ (വികസനഫണ്ട്)

നാലാം ക്ലാസ്സിൽ കൂടുതൽ മാർക്ക് നേടുന്ന കുട്ടികൾക്ക് രക്ഷാകർത്താക്കളുടെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ചാം ക്ലാസ്സുമുതൽ പ്ലസ് 2 വരെ ബോർഡിംഗ് സൗകര്യമുള്ള സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുകയാണ് ലക്ഷ്യം. കുട്ടികളുടെ ട്യൂഷൻ ഫീസ്, പഠനോപകരണങ്ങൾ, യൂണിഫോം, താമസം, ആഹാര ചെലവ്, ഒരു വർഷത്തിൽ 3 തവണ വീട്ടിൽ പോയി വരുന്നതിന് യാത്രാ ചെലവ് എന്നിവയാണ് പ്രവർത്തനം. ഇത് തിരുവനന്തപുരം പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ മുഖേന റിപ്പോർട്ട് നൽകണമെന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു .

**തീരുമാനം -** ഈ പ്രോജക്റ്റിന് അംഗീകാരം നൽകാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ യോഗത്തിൽ അറിയിച്ചതനുസരിച്ച് അംഗീകാരം നൽകുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്)

**ഖണ്ഡിക 4.11**

**കേരള നിലത്തെഴുത്ത് ആശാൻ സംഘടനയുടെ അമ്പലപ്പുഴ താലൂക്ക് കമ്മിറ്റി സെക്രട്ടറിയുടെ 08.10.2010.-ലെ കത്തും വിവിധ താലൂക്ക് കമ്മിറ്റിക്ക് നൽകിയ കത്തുകളും**

കേരളത്തിലെ അംങ്കണവാടികളിലും പ്രീ-പ്രൈമറി സ്കൂളുകളിലും പഠിക്കുന്ന കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതുപോലെ നിലത്തെഴുത്ത് കളരികളിൽ പഠിക്കുന്ന കുട്ടികൾക്കും ഇവ നൽകണമന്നും ഈ കുട്ടികൾക്കും സ്കോളർഷിപ്പും അലവൻസും അനുവദിക്കണമെന്ന ആവശ്യവും സംബന്ധിച്ച റിപ്പോർട്ട് നൽകുമ്പോൾ ഇപ്രകാരം എത്ര കളരികൾ പ്രവർത്തിക്കുന്നു, എത്ര ആശാൻമാർ, കുട്ടികളുടെ എണ്ണം എത്ര എന്നിവ കൂടിച്ചേർക്കണം

നടപടി: 1)തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്
2)പഞ്ചായത്ത് ഡയറക്ടർ

ഖണ്ഡിക 4.33

**തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.07.2017-ലെ B2-4252/17-ാം നമ്പർ കത്തും (ലഭിച്ചത് 08.12.2017-ൽ) 17.06.2017-ലെ 28(3)-ാം നമ്പർ ഭരണ സമിതി തീരുമാനവും**

2013-14-ൽ ആരംഭിച്ച ഇ.എം.എസ്. ഭവന പദ്ധതിയിൽ 268 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. ഇതിൽ 156 കുടുംബങ്ങൾ വീട്ടുപണി പൂർത്തിയാക്കി ഇനിയും 112 ഗുണഭോക്താക്കൾക്കു കൂടി തുക നൽകാനുണ്ട്. ഇത് സ്പിൽ ഓവറായി ഈ വർഷം എടുത്തിട്ടില്ല. കൂടാതെ പദ്ധതി തുടരാൻ ബാങ്ക് വായ്പയും എടുക്കേണ്ടതുണ്ട്. ഇതിന്റെ പലിശ സർക്കാരിൽ നിന്നാണ് തിരിച്ചടയ്ക്കേണ്ടത്. പ്രോജക്ട് തുടരാനും പലിശ സർക്കാരിൽ നിന്ന് അടയ്ക്കാനുമുള്ള തീരുമാന മുണ്ടാകണമന്ന ആവശ്യം സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തന്നെ നൽകണം.

നടപടി: 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
ലൈഫ് മിഷൻ

**2.2 17.01.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ**

**ഖണ്ഡിക 4.23**

**കണ്ണാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.10.2017-ലെ കത്ത് (FM3/86/18/ തസ്വഭവ)**

2017-18- വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുഴയ്ക്കൽ (4.50 ലക്ഷം രൂപ) ചാത്തൻതറ എസ്.സി. കോളനി (3.50 ലക്ഷം രൂപ) ചെമ്മങ്കാട് (1.25 ലക്ഷം രൂപ) അരയാർ കോളനി (6.00 ലക്ഷം രൂപ) താന്നിയംകാവ് (3.25 ലക്ഷം രൂപ) എന്നീ സ്ഥലങ്ങളിലായി 5 കുടിവെള്ള പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നു. (ആകെ അടങ്കൽ 18.50 ലക്ഷം രൂപ) അടിയന്തിര പ്രോജക്ടുകൾ എന്ന നിലയിൽ നിലവിൽ മറ്റു കോൺട്രാക്ട് പണികൾ നടത്തുന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. ചിലയിടങ്ങളിൽ ബോർവെൽ കുഴിച്ച് മോട്ടോർ സ്ഥാപിച്ചു. ചിലയിടങ്ങളിൽ നിർമ്മാണം പുരോഗതിയിലാണ്. ഈ പ്രവൃത്തികൾ പൂർത്തിയാക്കാനും ബിൽ തുക കോൺട്രാക്ടർക്ക് നൽകാനുമുള്ള വിഷയം കോഓർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്തിരുന്നു. ഇത് സംബന്ധിച്ച റിപ്പോർട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ യോഗത്തിൽ അവതരിപ്പിച്ചു

**തീരുമാനം -** ഇപ്രകാരം പ്രവൃത്തി നടത്തിയത് പഞ്ചായത്ത് പ്രസിഡന്റിന്റേയും സെക്രട്ടറിയുടേയും വീഴ്ചയാണെന്ന് യോഗം വിലയിരുത്തി. ഈ പ്രവൃത്തികളുടെ മൂല്യം നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നതോടൊപ്പം പ്രസിഡന്റും സെക്രട്ടറിയും കൂടി സാക്ഷ്യപ്പെടുത്തുന്നതനുസരിച്ച് തുക നൽകാൻ അനുമതി നൽകുന്നു.

(നടപടി: ) 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് -
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

ഖണ്ഡിക 4.36

**ബഹു. നെന്മാറ എം.എൽ.എയുടെ 13.12.17 ലെ കത്തും എലവഞ്ചേരി ഗ്രാമപഞ്ചായത്ത പ്രസിഡന്റിന്റെ 22.11.2017-ലെ കത്തും.**

2016-17 വർഷം ഗാർഹിക ബയോഗ്യാസ് പ്ലാന്റ് എന്ന പ്രോജക്ട നടപ്പാക്കി (പ്രോ.നം.137/17- അടങ്കൽ 1,35,000/- രൂപ) 50 ശതമാനം ശുചിത്വമിഷൻ ഫണ്ട് വകയിരുത്താതെയാണ് പ്രോജക്ട് നടപ്പാക്കിയത്. ശുചിത്വമിഷനിൽ നിന്ന് TS വാങ്ങാതെ പ്രോജക്ട നടപ്പാക്കിയതിനാൽ ഇതിന്റെ 50 ശതമാനം തുക ശുചിത്വമിഷനിൽ നിന്ന നൽകിയില്ല. ഈ തുക നൽകാൻ ശുചിത്വമിഷനോട് നിർദ്ദേശിക്കണമെന്നും TS വാങ്ങാതെ നടപ്പാക്കിയതിനു സാധൂകരണം നൽകണമെന്നും സംബന്ധിച്ച്

**തീരുമാനം -** സാധൂകരണം നൽകാവുന്നതാണെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പ്രതിനിധി അറിയിച്ചതനുസരിച്ച് സാധൂകരണം നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

ഖണ്ഡിക 4.43

**എഴുകോൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.10.2017 – ലെ P1-45/17-ാം നമ്പർ കത്ത്.**

പഞ്ചായത്തിലെ എഴുകോൺ ജംഗ്ഷനിൽ മാർക്കറ്റിന്റെ മുൻവശത്തുള്ള റോഡ് റീടാർ ചെയ്ത വേളയിൽ ഉയരം കൂടിയതിനാൽ മാർക്കറ്റിലെ മാലിന്യം പഞ്ചായത്ത ഓഫീസിലും ക്ഷേത്രമുറ്റത്തും എത്തുന്ന സാഹചര്യമുണ്ടായി. അടിയന്തിര പ്രവർത്തി എന്ന നിലയിൽ ഈ ഭാഗത്ത് പ്രോജക്ട തയ്യാറാക്കാതെ 175.5 ച.മീറ്റർ വിസ്തീർണ്ണത്തിൽ ഇന്റർലോക്ക ചെയ്തു. ബിൽ തുക 1,50,000/- രൂപ. ഇതിന് സാധൂകരണം നൽകണമെന്നു സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ യോഗത്തിൽ അവതരിപ്പിച്ചു.

**തീരുമാനം -**

1) പഞ്ചായത്തിൽ ചുമതലപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ഇതിന്മേൽ നടപടി സ്വീകരിക്കാഞ്ഞത് വീഴ്ചയാണെന്ന് യോഗം വിലയിരുത്തി. ഇതിന്മേൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ വിശദീകരണം ചീഫ് എഞ്ചിനീയർ തേടണം
2) പ്രവർത്തിയുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകാൻ അനുമതി നൽകുന്നു.

**നടപടി :-1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)**

**ഖണ്ഡിക 4.48**

**മലപ്പുറം ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ 04.01.2018-ലെ കത്ത്**

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വൈരങ്കോട് ഭഗവതി ക്ഷേത്രത്തിൽ വരുന്ന ''സ്ത്രീ ജനങ്ങൾക്ക് വിശ്രമകേന്ദ്രം'' പണിയുന്നതിന് ജില്ലാ പഞ്ചായത്ത് 20.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രോ.നം.1134/18. ദേവസ്വം ബോർഡിന്റെ ഭൂമിയിൽ വിശ്രമ കേന്ദ്രം പണിയുന്നതിന് സമ്മതമാണെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**ഖണ്ഡിക 4.61**

**ശൂരനാട് വടക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 11.12.2017-ലെ S3/6531/17-ാം നമ്പർ കത്ത്**

പഞ്ചായത്ത് കോൺഫറൻസ് ഹാൾ ഫർണിഷിംഗിനും കോൺഫറൻസ് ഹാൾ സീലിംഗിനും ലോകബാങ്ക് വിഹിതം ഉപയോഗിച്ച് 2016-17-ൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഈ പ്രവൃത്തികൾ പൂർത്തിയായി. എന്നാൽ പ്രോജക്ട് നടത്തിപ്പ് രീതിയിൽ താഴെപ്പറയുന്നതടക്കമുള്ള ചില അപാകതകൾ ഉണ്ടായി എന്ന് സെക്രട്ടറി ചൂണ്ടിക്കാണിച്ചിരിക്കുന്നു.

1) പ്രോജക്ട് നടത്തിപ്പ് തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേനയല്ല നടപ്പാക്കിയത്.
2) എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ അല്ല തയ്യാറാക്കിയത്, സാങ്കേതികാനുമതി ലഭിച്ചില്ല തുടങ്ങിയ അപാകതകളാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

ഇതിന് സാധൂകരണം നൽകി ബിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചു. നടപടിക്രമങ്ങൾ പാലിക്കാതെ നടപ്പാക്കിയ പ്രവർത്തികളാണ് എന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു.

**തീരുമാനം -** 1) മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവൃത്തികൾ നടപ്പാക്കിയ സെക്രട്ടറിയോട് വിശദീകരണം ആരായാൻ യോഗം തീരുമാനിച്ചു. വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കണം.

2) ഈ പ്രവൃത്തികളുടെ വാല്യുവേഷൻ ബന്ധപ്പെട്ട എഞ്ചിനീയർ നടത്തി അതിന്റെ അടിസ്ഥാനത്തിൽ ബിൽ തുക നൽകാൻ നിർദ്ദേശിക്കുന്നു.

(നടപടി:-തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

## 3 .പൊതു വിഷയങ്ങൾ

================

3.1 29 ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി ചെലവ് 100 ശതമാനം കഴിഞ്ഞു. കൂടാതെ 12 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 80 ശതമാനത്തിലധികമാണ്. ഈ സാഹചര്യത്തിൽ സാമ്പത്തിക വർഷത്തിന്റെ ശേഷിക്കുന്ന സമയത്ത് സമർപ്പിക്കപ്പെടുന്ന ബില്ലുകൾക്ക് ഫണ്ട് തികയാതെ വരും. മാറ്റമില്ലാത്ത സ്പിൽ ഓവർ പ്രോജക്ടുകൾ മാറ്റുന്നതിന് ക്യാരി ഓവർആയി നൽകാമെന്ന് അറിയിച്ചിരുന്ന ഫണ്ട് നൽകാൻ നടപടി സ്വീകരിക്കണമെന്ന് ധനകാര്യ വകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

3.2 ഈ വർഷം പുതിയതായി നിർവഹണ ചുമതല നൽകിയ ഉദ്യോഗസ്ഥർക്ക് ഡി.ഡി.ഒ. കോഡും ബിൽ ബുക്കും നൽകുന്ന പ്രക്രിയ വേഗത്തിലാക്കണം.

നടപടി:- ധനകാര്യ വകുപ്പ്

3.3 പൂർത്തിയാക്കാനുള്ള ഭവനങ്ങളുടെ പൂർത്തീകരണത്തിന് മതിയായ തുക ചില തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തിയിട്ടില്ല എന്ന് യോഗം വിലയിരുത്തി. ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കണം. ഈ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ ആസൂത്രണ സമിതികൾക്കും നൽകണം. വാർഷിക പദ്ധതിയുടെ ഭേദഗതിക്ക് അംഗീകാരം നൽകുമ്പോൾ ജില്ലാ ആസൂത്രണ സമിതി ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കണം

നടപടി:- 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
2) ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ

3.4 ലൈഫ് പദ്ധതിക്ക് തുക കണ്ടെത്തുന്നതിന് വാർഷിക പദ്ധതിയെ മേഖലാ വിഭജനത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ മേഖലാ നിബന്ധന പാലിക്കാതെ പ്രോജക്ടുകൾ ഭേദഗതി ചെയ്യുമ്പോൾ ലഭിക്കുന്ന സേവിംഗ്സ് തുക ലൈഫ് പദ്ധതിക്കു തന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തണം. നിർബന്ധ വകയിരുത്തലുകൾ വേണ്ട മേഖലയിലെ വകയിരുത്തലിന് വരുന്ന കുറവ് ലൈഫ് പദ്ധതിയിലേയ്ക്ക് തന്നെയാണ് മാറ്റുന്നതെന്ന് ഉറപ്പാക്കണം. സുലേഖ സോഫ്റ്റ് വെയറിൽ ഇതിനുള്ള ക്രമീകരണം നടത്താൻ കഴിയുമോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

നടപടി:- എക്സിക്യൂട്ടീവ് ഡയറക്ടര, ഐ.കെ.എം

3.5 ഹരിത കേരളം മിഷന്റെ ഭാഗമായി കുടിവെള്ള സ്രോതസ്സുകളുടെ പരിപാലനം മഴക്കാല പൂർവ്വ ശുചീകരണം തുടങ്ങിയവയ്ക്ക് മുന്തിയ പരിഗണന നൽകണം.

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്
2) ഹരിത കേരള മിഷൻ

3.6 MGNREGS-യിൽ നിന്ന് ലേബർ/മെറ്റീരിയൽ ഘടകം ലൈഫ് മിഷനിലും ഹരിതകേരളം മിഷനിലും പരമാവധി ഉപയോഗപ്പെടുത്തണം.

നടപടി:- 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
2) ഹരിത കേരളം മിഷൻ

3.7 ലോക പരിസ്ഥിതി ദിനമായ ജൂൺ - 5ന് പരമാവധി ഫല വൃക്ഷതൈകൾ നടണം. MGNREGS മുഖേന ഇത് സാധ്യമാക്കുന്നതിനുള്ള നടപടി കുടുംബശ്രീ എടുക്കണം.

നടപടി:- എക്സിക്യൂട്ടീവ് ഡയറക്ടർകുടുംബശ്രീ

3.8 ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണത്തിൽ പ്രീഫാബ്രിക്കേറ്റഡ് വീടുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കണം. ഇതിനുവേണ്ട നടപടി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിക്കണം. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ ഇതിന്റെ സാധ്യത സംബന്ധിച്ച റിപ്പോർട്ട് നൽകണം.

നടപടി:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

3.9 ഹരിത കർമ്മസേനയ്ക്ക് ആവശ്യമായ പരിശീലനം കിലയുടെ ആഭിമുഖ്യത്തിൽ നൽകുന്നതിനുവേണ്ട നടപടി കുടുംബശ്രീയുമായി ചേർന്ന് സ്വീകരിക്കണം.

നടപടി:- 1) ഡയറക്ടർ, കില
2) എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ

3.10 പല തദ്ദേശഭരണ സ്ഥാപനങ്ങളും 2017-18-ൽ തുടരുന്ന മാറ്റമില്ലാത്ത സ്പിൽഓവർ പ്രോജക്ടിലെ തുക/സേവിംഗ്സ് ലൈഫ് പോലുള്ള മറ്റ് പ്രോജക്ടുകളിലേയ്ക്ക് മാറ്റുന്നതിന് അനുമതി ആവശ്യപ്പെടുന്നുണ്ട്. ധനവകുപ്പിന്റെ നിർദ്ദേശമനുസരിച്ച് 2016-17-ൽ പുതിയതായി അംഗീകാരം ലഭിച്ചതും മാറ്റമില്ലാത ഈ വർഷം സ്പിൽ ഓവറായി തുടരുന്നതുമായ പ്രോജക്ടുകളുടെ ബിൽ തുക നൽകുമെന്നാണ് അറിയിച്ചിരിക്കുന്നത്. ഈ പ്രോജക്ടിലെ തുകയോ സേവിംഗ്സോ മറ്റു പ്രോജക്ടിലേയ്ക്ക് മാറ്റാവുന്നതല്ല എന്ന് സ്പഷ്ടീകരണം നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.11 ഹരിത കേരളം മിഷന്റെ ഉപ ദൗത്യമായ മാലിന്യ സംസ്കരണ ശുചിത്വ മിഷന്റെ ഭാഗമായി പ്രവർത്തിച്ചു വരുന്ന ഹരിത കർമ്മ സേനകൾ, ഹരിത സഹായ സ്ഥാപനങ്ങൾ, ക്ലീൻ കേരള കമ്പനി എന്നിവയുടെ പ്രവർത്തനങ്ങൾക്ക് യൂസർ ഫീ സംവിധാനം ഉറയ്ക്കുന്നതുവരെ ചെറിയ തോതിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് വേണ്ടി വരും. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ ത്തിനായി വകമാറ്റി വച്ചിട്ടുള്ള 10 ശതമാനം തുകയിൽ നിന്നും നൽകാവുന്നാണ്.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.12 പല തദ്ദേശഭരണ സ്ഥാപനങ്ങളും ലൈഫ് പദ്ധതിയിൽ ഭവന നിർമ്മാണത്തിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുകയും അതിന് സർക്കാർ അനുമതി ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല എന്ന് സ്പഷ്ടീകരണം നൽകുന്നു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.13 പല തദ്ദേശഭരണ സ്ഥാപനങ്ങളും പകൽ വീടിനും മറ്റും കെട്ടിടം പണിതിട്ട് പ്രവർത്തിക്കാതെ കിടക്കുന്നുണ്ട്. ഇത് പ്രോത്സാഹിപ്പിക്കാവുന്നതല്ല. പകൽ വീടിന്

പ്രോജക്ട് തയ്യാറാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ഭാവിയിൽ വാടക കെട്ടിടത്തിൽ അനുയോജ്യമായ മറ്റു കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. ഇതു വിജയമാണെന്നു കണ്ടാൽ മാത്രമേ പുതിയ കെട്ടിടം പകൽ വീടിനായി നിർമ്മിക്കാവൂ.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**3.14 ശുചിത്വ മിഷൻ എക്സി. ഡയറക്ടറുടെ 06.01.2018-ലെ 146/C2/2008/SM നമ്പർ കത്തിന്മേൽ താഴെപ്പറയുന്ന തീരുമാനമെടുത്തു**

(i) ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് മാർഗ്ഗരേഖ പ്രകാരം 50 ശതമാനമാണ് സബ്സിഡി അനുവദിക്കാവുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളോടൊപ്പം ശുചിത്വ മിഷനും ഈ പദ്ധതിയിൽ പങ്കാളിയാണ്. ഗുണഭോക്താവിന് നൽകുന്ന 50 ശതമാനം സബ്സിഡിയുടെ പകുതി തദ്ദേശഭരണ സ്ഥാപനങ്ങളും പകുതി ശുചിത്വ മിഷനും വഹിക്കേണ്ടതാണ്. പരമാവധി ധനസഹായ തുക 5000/- ആയി നിജപ്പെടുത്തേണ്ടതാണ്.

(ii) ഗാർഹിക കമ്പോസ്റ്റിംഗിന് മാർഗ്ഗരേഖ പ്രകാരം പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിനു നൽകാവുന്ന പരമാവധി സബ്സിഡി 75% നൽകാമെങ്കിലും ഈ പദ്ധതി 24.02.2012-ലെ 561/2012/തസ്വഭവ ഉത്തരവും 20.12.2011-ലെ 318/2011/തസ്വഭവ ഉത്തരവും അനുസരിച്ചുവേണം നടപ്പാക്കേണ്ടതെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഈ ഉത്തരവു പ്രകാരം പരമാവധി നൽകാവുന്ന തുക 5000/- രൂപയാണ്. ഗാർഹിക ബയോഗ്യാസ് പ്ലാന്റിന്റെ യൂണിറ്റ് നിരക്ക് 10,000/- രൂപയിലധികമാണ്. ഈ സാഹചര്യത്തിൽ താഴെപ്പറയും പ്രകാരം തീരുമാനമെടുത്തു.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് യൂണിറ്റ് ചെലവിന്റെ 90 ശതമാനം തുക സബ്സിഡി നൽകാവുന്നതാണ്. ഇപ്രകാരം നൽകുന്ന ധനസഹായത്തിന്റെ പകുതി തുക വരെ ശുചിത്വ മിഷൻ നൽകുന്നതാണ്

നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.15 എസ്.എസ്.എ പദ്ധതിക്കായി നൽകേണ്ട വിഹിതം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തിയത് കൃത്യമായി എസ്.എസ്.എ പ്രോജക്ട് ഡയറക്ടർക്ക് നൽകേണ്ടതാണ്.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ വകുപ്പ് ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ

## 4. പ്രത്യേക വിഷയങ്ങൾ

======================

### 4.1 എടവനക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.12.2017-ലെ A2-7789/17-ാം നമ്പർ കത്തും 16.12.2017-ലെ 12-ാം നമ്പർ ഭരണസമിതി തീരുമാനവും (LSGD - DA1/99/2018-LSGD)

എസ്.സി. പ്രമോട്ടർമാർക്ക് ടൂ വീലർ വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

### 4.2 കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20.01.2018-ലെ A6-1982/16--ാം നമ്പർ കത്ത്

2017-18 വർഷം ട്രാൻസ് ജെൻഡേഴ്സിനായി 'ഉണർവ് എന്ന പേരിൽ '' തയ്യൽ പരിശീലനവും ഉപകരണങ്ങൾ വാങ്ങി നൽകലും'' എന്ന പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. (പ്രോ.നം. 28/18, അടങ്കൽ 10.00 ലക്ഷം രൂപ). ട്രാൻസ് ജെൻഡേഴ്സിനായി ഗ്രൂപ്പ് രൂപീകരിക്കുക ബുദ്ധിമുട്ടായതിനാൽ ഈ പ്രോജക്ട് ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെടുന്നവർക്ക് വ്യക്തിഗത പ്രോജക്ടായി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

### 4.3 കടമക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.12.2017-ലെ S2-144/17-ാം നമ്പർ കത്തും 27.11.2017-ലെ 31(3)-ാം നമ്പർ ഭരണസമിതി തീരുമാനവും 24.10.2017-ലെ 25(1) നമ്പർ തീരുമാനവും (LSGD - DA1/97/2018- LSGD)

(i) ജൈവരീതിയിൽ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പ്പന്നങ്ങൾക്ക് ജില്ലാ തലത്തിൽ താങ്ങുവില നിശ്ചയിക്കാമെന്ന് നിർദ്ദേശമുണ്ട്. നിലവിൽ നെൽക്കൃഷിക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്ക് 23.50 രൂപയാണ്. ഈ തുകയിലധികം നൽകാവുന്ന തല്ല എന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചുവെങ്കിലും പൊക്കാളി വിഭാഗത്തിൽപ്പെട്ട നെല്ലായതിനാൽ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി 50.00 രൂപയായി താങ്ങുവില നിശ്ചയിച്ചു. ഇതിന് അംഗീകാരം നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം :--** ഇപ്രകാരം താങ്ങുവില നിശ്ചയിച്ച നടപടി ശരിയല്ല. അനുമതി നിരസിച്ചു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

(ii) ശ്രീ.ഓമനരാജപ്പൻ എന്ന ആളുടെ മകളുടെ വിവാഹ ധനസഹായത്തിന് നിശ്ചിത ദിവസത്തിനകം അപേക്ഷ നൽകിയിരുന്നില്ല. 23.10.2016-നാണ് വിവാഹം നടന്നത്. 12.10.2017നാണ് അപേക്ഷ നൽകിയത്. ഇവർക്ക് വിവാഹ ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

4.4 കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 30.12.2017-ലെ D2-282/17-ാം നമ്പർ കത്ത്

(I) 2017-18 വാർഷിക പദ്ധതിയിൽ താഴെപ്പറയുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1) | കേരള ഖാദി ഗ്രാമ വ്യവസായം മടിക്കൈ യൂണിറ്റിന്റെ വിപുലീകരണം | 10,00,000/- രൂപ |
| 2) | ഖാദി ഉത്പാദനകേന്ദ്രം പടന്ന ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം - സംയുക്ത പ്രോജക്ട് ജില്ലാ പഞ്ചായത്ത് വഹിതം | 10,00,000/- രൂപ |
| 3) | കയ്യൂർ - ഖാദി ഉത്പാദന കേന്ദ്രം വിപുലീകരണം മേൽക്കൂര മാറ്റൽ | 16,00,000/ രൂപ |
| 4 | ഖാദി ഉത്പാദന കേന്ദ്രം - കുമ്പള കെട്ടിട നിർമ്മാണം | 45,00,000/ രൂപ |

മാർഗ്ഗരേഖ പ്രകാരം ഖാദി ബോർഡിന്റെ സ്ഥാപനങ്ങൾക്ക് വിപണന ശാലകൾ നിർമ്മിച്ചു നൽകാൻ മാത്രമേ അനുമതിയുള്ളൂ. ഉത്പാദന ശാല നിർമ്മിച്ചു നൽകാൻ നിർദ്ദേശമില്ല. അതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** ക്രമനം. 1,2 അനുമതി നൽകുന്നു. ക്രമനം. 3, 4 15.00 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

(II) താഴെപ്പറയുന്ന പ്രോജക്ടുകളുടെ സബ്സിഡി നിശ്ചയിച്ചു നൽകണമെന്നതു സംബന്ധിച്ച്

1) ഖാദി കേന്ദ്രങ്ങൾക്ക് തറി വാങ്ങി നൽകൽ - 1,08,60,000/- രൂപ
2) ഖാദി കേന്ദ്രങ്ങൾക്ക് ചർക്ക വാങ്ങി നൽകൽ - 55,00,000/ രൂപ (16 യൂണിറ്റുകൾക്ക്)

**തീരുമാനം :-** മാർഗ്ഗരേഖ പ്രകാരം (ഖണ്ഡിക 9.12) വിലയുടെ 80% സബ്സിഡി നൽകാവുന്നതാണ്

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.5 ഇടുക്കി ജില്ലാ കളക്ടറുടെ 01.01.2018-ലെ 50/17/DPC/DPO/IDK നമ്പർ കത്തും കൊന്നത്തടി ഗ്രാമപഞ്ചായത്ത് പണിക്കൻകുടി ഉദയാ വയോജന കൂട്ടായ്മ പ്രസിഡന്റും സെക്രട്ടറിയും ചേർന്ന് 15.11.2017-ൽ നൽകിയ കത്തും (LSGD-DA3/55/2018 LSGD)

കൊന്നത്തടി പഞ്ചായത്തിൽ പകൽ വീടിന് ഉപകരണങ്ങളും ആരോഗ്യ സൗകര്യങ്ങളും ഒരുക്കാൻ പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. പകൽ വീടുകളിൽ പോഷകാഹാരം നൽകാവുന്നത് മാർഗ്ഗരേഖ പ്രകാരം തീർത്തും ദരിദ്രരായവർക്കു മാത്രമാണ്. എന്നാൽ എല്ലാവർക്കും പോഷകാഹാരം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :--** കുടുംബശ്രീ മുഖേന അർഹരായവർക്ക് പോഷകാഹാരം പാകം ചെയ്തു നൽകുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.6 മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 01.01.2018-ലെ MIL/SALESSSLS/ 17-18/819-ാം നമ്പർ കത്ത്**

കേരള സർക്കാർ സ്ഥാപനമായ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് Integrated & automated solar street lighting system മാർക്കറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടികൾ കൂടാതെ ഈ സ്ഥാപനം മുഖേന solar street lighting system സ്ഥാപിക്കാൻ ഉത്തരവ് നൽകണമെന്നും ഈ സ്ഥാപനത്തെ ഒരു അംഗീകൃത സ്ഥാപനമായി അംഗീകരിച്ച് ഉത്തരവിറക്കണ മെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.7 കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE) ചെയർമാന്റെ 27.12.2017-ലെ KSIE/MKTG/2017-18/1126 നമ്പർ കത്ത്**

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് Integrated & automated solar street lighting system മാർക്കറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടികൾ കൂടാതെ ഈ സ്ഥാപനം മുഖേന solar street lighting system സ്ഥാപിക്കാൻ ഉത്തരവു നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.8 കരുളായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.12.2017-ലെ കത്ത് (LSGD-FM2/9/2018 - LSGD)**

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകാൻ പ്രോജ്കട് തയ്യാറാക്കിയിട്ടുണ്ട്. അടങ്കൽ 2,12,000/- ഇതിൽ 25%മാണ് ഗുണഭോക്തൃ വിഹിതം. ഇതൊഴിവാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** 10 ശതമാനം ഗുണഭോക്തൃ വിഹിതം വേണമെന്ന നിബന്ധനയോടെ നടപ്പാക്കാൻ അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.9 നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.01.2018-ലെ കത്തും നൂൽപ്പുഴ കുടുംബ ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെ 20.12.2017-ലെ 740/2017-ാം നമ്പർ കത്തും**

നൂൽപ്പുഴ കുടുംബ ആരോഗ്യകേന്ദ്രത്തിൽ സംസ്ഥാനത്ത് ആദ്യമായി ഇ- ഹെൽത്ത് സമ്പ്രദായം നടപ്പിലാക്കിക്കൊണ്ട് ടെലി മെഡിസിൻ, മോഡേൺ ലാബ് അടക്കം മികച്ച സൗകര്യമുണ്ട്. 45 ശതമാനം ഗുണഭോക്താക്കളും പട്ടികവർഗ്ഗ വിഭാഗ ക്കാരാണ്. ഇ-ഹെൽത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി HMC ഫണ്ട് ഇല്ലാത്തതിനാലും തനത്ഫണ്ട് കുറവായതിനാലും 2018-19 മുതൽ ടെക്നിക്കൽ അസിസ്റ്റന്റിനെ നിയമിച്ച് വേതനം പ്ലാൻ ഫണ്ട് ഉപയോഗിച്ച് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.10 പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 04.12.2017-ലെ കത്ത്**

താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇവ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| 1) | പ്രോ.നം.18/18 സംസാര ശ്രവണശേഷി ഇല്ലാത്തവർക്ക് സ്പീച്ച് തെറാപ്പിക്ക് ഓഡിയോ ലാബ് | 18,33,499/- രൂപ (സ്പിൽ ഓവർ) |
| 2) | പ്രോ.നം.127/18 ഓഡിയോ ലാബ് ഉപകരണങ്ങൾ വാങ്ങിക്കൽ | 5,00,000/- രൂപ |

**തീരുമാനം :-** അനുമതി നിരസിച്ചു. ഈ തുക ഉപയോഗിച്ച് സമീപത്തെ മറ്റ് ആശുപത്രികളിൽ(ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതല്ലെങ്കിൽപോലും) ഈ സൗകര്യമൊരുക്കാവുന്നതാണ്.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.11. ദേവികുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 30.01.2018-ലെ 1112/17-ാം നമ്പർ കത്ത്**

2015-16 വർഷം പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കി (പ്രോ.നം. 86/16- ബിരുദ - ബിരുദാനന്തര കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ് അടങ്കൽ 31,38,225/- രൂപ ) ഇതിന് സാധൂകരണം നൽകണമെന്നു സംബന്ധിച്ചു.
യൂണിറ്റ് നിരക്ക് 41,843/- രൂപ. (ഹൈ കോൺഫിഗറേഷൻ)

**തീരുമാനം :-** വകുപ്പുതലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കണം

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ്**

**4.12 മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 21.12.2017-ലെ കത്തും 20.12.2017-ലെ II(2)-ാം നമ്പർ കത്തും**

വാളകം ഗ്രാമപഞ്ചായത്തിലെ തട്ടുതൊണ്ട് തോട് ചെക്ക് ഡാമിന് ഷട്ടർ നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം. 68/18 - അടങ്കൽ 5.00 ലക്ഷം രൂപ) മലമ്പുഴ ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷൻ 3,85,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. ഈ തുക ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.13 വാളകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.01.2018-ലെ C3-2963/17-ാം നമ്പർ കത്ത്

2017-18 വാർഷിക പദ്ധതിയിൽ ആശ്രയ കുടുംബത്തിന് ഭവന നിർമ്മാണത്തിന് (1 ആൾക്ക്) 2,50,000/- രൂപയും പട്ടികജാതി വിഭാഗത്തിൽ ഭവന നിർമ്മാണത്തിന് (2 പേർക്ക്) 6,00,000/- രൂപയും വകയിരുത്തിയ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. ലൈഫ് നിബന്ധന പാലിക്കണമെന്ന് ചൂണ്ടിക്കാട്ടി നിർവഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് നിർവഹണം നടത്തിയില്ല. ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. ഈ പഞ്ചായത്തിൽ പൂർത്തീകരി ക്കാനുള്ള വീടുകൾ ഇല്ല.

**തീരുമാനം :-**

1) മതിയായ തുക വകയിരുത്തണമെന്ന നിബന്ധന യോടെ ആശ്രയ കുടുംബത്തിനുള്ള വീട് നിർമ്മാണത്തിന് അനുമതി നൽകുന്നു.
2) ലൈഫ് ലിസ്റ്റിൽ ഉള്ളവരാണെങ്കിൽ മറ്റു വിഭാഗക്കാർക്ക് വീട് നിർമ്മിക്കാൻ അനുമതി നൽകുന്നു. ലൈഫ് മിഷൻ നിരക്ക് പാലിക്കേണ്ടതാണ്.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.14 ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 31.01.2018-ലെ CA-108/18-ാം നമ്പർ കത്ത്

ക്ഷീര സംഘങ്ങൾക്ക് കെട്ടിടം പണിയുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. വിവിധ പ്രോജക്ടുകൾക്കായി ആകെ 13 കെട്ടിടങ്ങൾക്കായി 2.26 കോടി രൂപ വകയിരുത്തിയിരിക്കുന്നു. പാൽ ശേഖരിക്കുന്ന മുറി പണിയുന്നതിനു മാത്രമേ അനുമതിയുള്ളൂവെന്നും അതിന് പരമാവധി 1,00,000/- രൂപ മാത്രമേ അനുവദിക്കാൻ കഴിയൂ എന്നും തദ്ദേശസ്വയംഭരണ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു. കെട്ടിടം പണിയുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** പാൽ ശേഖരിക്കുന്ന മുറി നിർമ്മിക്കുന്നതിനു മാത്രമായി അനുമതി നൽകുന്നു. ഇത് പരമാവധി 1,00,000/- രൂപയിൽ പരിമിതപ്പെടുത്തണം. സബ്സിഡി മാർഗ്ഗരേഖയിലെ 9.10 പ്രകാരമുള്ള സൗകര്യങ്ങൾക്കും തുക ചെലവഴിക്കാവുന്ന താണ്.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.15 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 11.01.2018-ലെ കത്ത്

പെരുമ്പടപ്പ് ബ്ലോക്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പെക്ട്രം സ്പെഷ്യൽ സ്കൂളിന് രണ്ടു വാഹനമുണ്ട്. ഒരെണ്ണം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മറ്റൊരെണ്ണം പി.റ്റി.എ.യുടെ ഉടമസ്ഥതയിലും. പി.റ്റി.എയുടെ ഉടമസ്ഥതയിലുള്ള വാഹനം കൂടി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് ഡ്രൈവറുടെ ശമ്പളം, ഇന്ധന ചെലവ് ,

മെയിന്റനൻസ് എന്നിവ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇത് പരിശോധിച്ച് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് നൽകണം. പിന്നീട് പരിഗണിക്കും.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.16 കാസർഗോഡ് മുനിസിപ്പൽ ചെയർ പേഴ്സന്റെ 08.01.2018-ലെ PW1-6293/17-ാം നമ്പർ കത്ത്**

കാസർഗോഡ് നഗരസഭ 2010-11 മുതൽ 2015-16 വരെ നിർമ്മാണ പ്രവൃത്തികൾക്കുള്ള 27 പ്രോജക്ടുകൾ തനത് ഫണ്ട് ഉപയോഗിച്ച് നടത്തി. ഇവയ്ക്ക് സാധൂകരണം ലഭിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതിക്ക് സാധൂകരണം നൽകാവുന്നതല്ല എന്നറിയിച്ചു. ഇതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം സംബന്ധിച്ച്

**തീരുമാനം :-** നഗരകാര്യ ഡയറക്ടർ ഇത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണം. പിന്നീട് പരിഗണിക്കും.

**നടപടി: - 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) നഗരകാര്യ ഡയറക്ടർ**

**4.17 തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 11.12.2017-ലെ കത്ത്**

ബ്ലോക്ക് പഞ്ചായത്തിന് എസ്.സി.എസ്.പി. ഫണ്ട് മിച്ചമുണ്ട്. പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി, വൃദ്ധർക്ക് കട്ടിൽ, പട്ടിക ജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്നിവയ്ക്ക് പ്രോജക്ട് നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് തുക കൈമാറാൻ പ്രോജക്ട് തയ്യാറാക്കിയെങ്കിലും ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചിട്ടില്ല. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഗ്രാമപഞ്ചായത്തിന് തുക കൈമാറിക്കൊണ്ട് നടപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.18 മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 08.01.2018-ലെ കത്ത്**

ഭിന്നശേഷി വിഭാഗക്കാർക്ക് സൈക്കോ സോഷ്യൽ റിഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് 22,00,000/- രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റേയും കാലിക്കറ്റ് സർവകലാശാല, സൈക്കോളജി ഡിപ്പാർട്ടമെന്റിന്റേയും സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. ഭിന്നശേഷിക്കാർക്ക് അവരുടെ ശേഷിക്കനുസരിച്ചുള്ള തൊഴിൽ പരിശീലനം നൽകുകയാണ് ലക്ഷ്യം. ഈ പദ്ധതിക്കാവശ്യമായ തുക ഘട്ടംഘട്ടമായി സർവകലാശാലയ്ക്ക് അഡ്വാൻസായി നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :--** ധനവകുപ്പിന്റെ അനുമതി വാങ്ങണമെന്ന നിബന്ധനയോടെ അംഗീകാരം നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

**4.19 ബഹു. ഏറ്റുമാനൂർ എം.എൽ.എയുടെ 30.01.2018-ലെ കത്തും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23.01.2018-ലെ A2-3444/17-ാം നമ്പർ കത്തും**

സമ്പൂർണ്ണ വൈദ്യുതീ കരണത്തിന് 2016-17-ൽ 75,15,036/- രൂപ കോട്ടയം ജില്ലാ പഞ്ചായത്ത് KSEBയ്ക്ക് കൈമാറിയിരുന്നു. ജില്ലയെ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയായി പ്രഖ്യാപിച്ചു. ഏറ്റുമാനൂർ, കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയതിന് 20,01,240/- രൂപ കൂടി KSEB യക്ക് നൽകാനുണ്ട്. ഈ തുക നൽകാൻ പ്രോജക്ട് രൂപീകരിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.20 കൊടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.12.2017-ലെ കത്ത്**

കായിക മേഖലയിൽ കുട്ടികളുടെ കായിക പരിശീലനം എന്ന പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. അടങ്കൽ 10.00 ലക്ഷം രൂപായാണ്. ഇത്തരം പ്രോജക്ടുകളിൽ പരിശീലനാർത്ഥികളെ യുവജന ക്ലബുകൾ മുഖേന തെരഞ്ഞെടുക്കുന്നതിനു പകരം സ്കൂൾ വിദ്യാർത്ഥികളിൽ നിന്ന് തെരഞ്ഞെടുക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു. തുടർ പരിശീലനം കൂടി ഉറപ്പാക്കി ദീർഘകാല പദ്ധതിയായി നടപ്പാക്കണം

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.21 പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.01.2018-ന്റെ A3-5276/16-ാം നമ്പർ കത്തും 03.01.2018-ലെ 7(1)-ാം നമ്പർ ഭരണ സമിതി തീരുമാനവും**

പഞ്ചായത്തിലേയ്ക്ക് രണ്ട് ഇലക്ട്രിക് സ്കൂട്ടർ വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.22 പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.01.2018-ന്റെ A3-5276/16-ാം നമ്പർ കത്ത്**

എല്ലാ വാർഡിലുമുള്ള കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്യാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. യൂണിറ്റ് ചെലവ് 2000/- രൂപ ഗുണഭോക്തൃ വിഹിതം 500/- രൂപ

**തീരുമാനം :-** പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.23 പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.01.2018-ലെ കത്തും 06.12.2017-ലെ 1(5)ാം നമ്പർ ഭരണസമിതി തീരുമാനവും**

ഭവന നിർമ്മാണ ബോർഡിൽ നിന്നും ലഭിച്ച 4,50,000/- രൂപയും 7,50,000/- തനതുഫണ്ടും ഉപയോഗിച്ച് ലക്ഷം വീട് പദ്ധതിയിലെ രണ്ട് ഇരട്ട വീടുകളും രണ്ട് ഒറ്റ വീടുകളും പുനർ നിർമ്മാണം നടത്താൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചു. ലൈഫ് പദ്ധതി ഉള്ളതിനാൽ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.24 എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 23.01.2018-ലെ കത്ത്**

ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ ശീതീകരണ സംവിധാനം ഒരുക്കാൻ 15.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (മെയിന്റനൻസ് ഗ്രാന്റ് 10.00 ലക്ഷം, തനത് ഫണ്ട് 5.00 ലക്ഷം രൂപ) ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യത്തിന് സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായി. ഓഡിറ്റോറിയത്തിനും സോളാർ എനർജി ആണ് ഉപയോഗിക്കുന്നത് ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.25 ബഹു. മങ്കട എം.എൽ.എയുടെ 09.01.2018-ലെ 2/mankada/2016-ാം നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 28.12.2017-ലെ P3-1809/14-ാം നമ്പർ കത്ത്**

പെരിന്തൽമണ്ണ ജില്ലാ ആശുപത്രിക്ക് ഡയാലിസിസ് യൂണിറ്റ് തുടങ്ങാനായി 50.00 ലക്ഷം രൂപ അടങ്കലുള്ള പ്രോജക്ട് 2017-18 -ൽ സ്പിൽ ഓവറായി തുടരുന്നുണ്ട്. എന്നാൽ ഈ പ്രോജക്ട് കിഫ്ബിയും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനും ചേർന്ന് നേരിട്ട് നടപ്പാക്കുന്നുണ്ട്. അതിനാൽ പ്രോജക്ടിലെ 50.00 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഡെപ്പോസിറ്റ് ചെയ്ത് മറ്റ് പ്രവൃത്തികൾ നടത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** മാറ്റമില്ലാത്ത സ്പിൽ ഓവർ പ്രോജക്ടാണ്. അനുമതി നിരസിച്ചു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.26 മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 06.01.2018-ല കത്ത്**

2016-17-ലെ താഴെപ്പറയുന്ന പ്രോജക്ടുകൾ ഈ വർഷം മാറ്റമില്ലാത്ത സ്പിൽഓവറായി തുടരുന്നുണ്ട്. ആകെ അടങ്കൽ 1,49,93,527/- രൂപ. ഇതിൽ പദ്ധതി വിഹിതം 1,34,94,175/- രൂപ. ഗുണഭോക്തൃ- വിഹിതം 14,99,352/- രൂപ. ഗുണഭോക്തൃ വിഹിതം ഒഴിവാക്കി വികസനഫണ്ടിൽ പരിമിതപ്പെടുത്തി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

| ക്രമ നം | പ്രോ.നം | പ്രോജക്ടിന്റെ പേര് | പദ്ധതി വിഹിതം | ഗുണഭോക്തൃ വിഹിതം | ആകെ |
|---|---|---|---|---|---|
| 1 | 493 | മനന്തലക്കടവ് ജലസേചന പദ്ധതി - വാഴക്കാട് | 13,50,000 | 1,50,000 | 15,00,000 |
| 2 | 503 | എം.സി.കെ.റ്റി കടവ് തട്ടേക്കാട്തോടിന് വി.സി.ബി. -ഏലംകുളം | 27,00,000 | 3,00,000 | 30,00,000 |
| 3 | 554 | ബിടാത്തി തോടിന് മണലി ഭാഗത്ത് ചിറ നിർമ്മാണം -ആലിപ്പറമ്പ് | 13,50,000 | 1,50,000 | 15,00,000 |
| 4 | 563 | പനമ്പിലാക്കൽ തോട് വി.സി.ബി. നിർമ്മാണം - പെരുമണ്ണക്ലാരി | 18,00,000 | 2,00,000 | 20,00,000 |
| 5 | 570 | തെക്കേപ്പാടം കനാൽ നവീകരണം - മുന്നിയൂർ | 22,50,000 | 2,50,000 | 25,00,000 |
| 6 | 593 | അണ്ണേക്കാട് വി.സി.ബി. നിർമ്മാണം - വെട്ടം | 22,44,175 | 2,49,352 | 24,93,527 |
| 7 | 599 | കൊണ്ടോട്ടി കനാൽ മുതൽ ആലത്തൂർ റോഡ് മുരടാവിൽപടി കനാൽ നിർമ്മാണം - തവനൂർ | 18,00,000 | 2,00,000 | 20,00,000 |
| | | **ആകെ** | **1,34,94,175** | **14,99,352** | **1,49,93,527** |

**തീരുമാനം :--** അനുമതി നിരസിച്ചു

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.27 മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 11.01.2018-ലെ കത്ത്

കരിമ്പ ഗ്രാമപഞ്ചായത്തിലെ കല്ലടിക്കോട് പി.എച്ച്.സി. യോട് ചേർന്ന് പകൽ വീട് നിർമ്മിക്കാൻ സർക്കാർ പ്രത്യേക അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് കെട്ടിട നിർമ്മാണം പൂർത്തിയായി. ഇനി പകൽ വീട് പ്രവർത്തിക്കുന്നതിനായി രണ്ടു പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്.

1) പ്രോം.നം. 85/18- പകൽ വീടിന്റെ നടത്തിപ്പ് ചെലവ് 18.00 ലക്ഷം രൂപ
2) പ്രോ.നം.187/18 പകൽ വീടിന് ആവശ്യമായ 6.00 ലക്ഷം രൂപ സാധനങ്ങൾ വാങ്ങൽ

ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ്**

## 4.28 ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 16.11.2017-ലെ കത്ത്

2017-18 വാർഷിക പദ്ധതിയിൽ ''എള്ള് കൃഷി വികസനം'' എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോ.നം 39/18 അടങ്കൽ 13,00,000/- രൂപ. ഓണാട്ടുകരയിലെ തനത്കൃഷിയാണ് എള്ളുകൃഷി. കൂലി ചെലവ് കൂടുതലായതിനാൽ ഒരു ഹെക്ടറിന് 10,000/- രൂപ കൂലി ചെലവ് നൽകാനാണ് പ്രോജക്ട്. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.29 താനൂർ മുനിസിപ്പൽ ചെയർ പേഴ്സന്റെ 29.01.2018-ലെ G2-3131/17-ാം നമ്പർ കത്ത്**

2017-18-ൽ വിജയ തീരം പദ്ധതി പ്രകാരം നഗരസഭാ പരിധിയിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ LED T.V. വാങ്ങി നൽകാൻ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോ.നം.160/18 , വിജയതീരം -അടങ്കൽ 3,00,000/- രൂപ) ഡിജിറ്റൽ പാഠ്യ പദ്ധതി പെൻഡ്രൈവ് ഉപയോഗിച്ച് നടത്തുന്നതിനാണ് LED T.V. വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്ന സ്കൂൾ ആണെങ്കിൽ അതേ പദ്ധതിയിൽ നടപ്പാക്കേണ്ടതാണ്. ഈ പദ്ധതി ഇവിടെ നടപ്പാക്കുന്നില്ലെങ്കിൽ സർക്കാർ സ്കൂളിന് മാത്രമായി അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.30 വേങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 18.01.2018 (LSGD-DA1/125/2018-LSGD)**

2016-17-ൽ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂൾതല കലോത്സവവും കായിക മേളയും നടത്തി. ഇതിന് തനത് ഫണ്ടിൽ നിന്ന് 1,25,000/- രൂപ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. (പ്രോ.നം. 124/17) ബിൽ തുക 1,23,255/- രൂപ ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.31 കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 21.12.2017-ലെ PC2/ms.No.487/17-ാം നമ്പർ കത്ത്**

ഷീ ലോഡ്ജിംഗ് പദ്ധതി കോർപ്പറേഷൻ നടപ്പാക്കുന്നുണ്ട്. ഇതിനായി കെട്ടിടം വാടകയ്ക്ക് എടുക്കാൻ കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് സെക്യൂരിറ്റി ഡെപ്പോസിറ്റായി 34,87,125/- രൂപ തനത് ഫണ്ടിൽ നിന്നു നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** 4.00 ലക്ഷം രൂപ മാത്രമാണ് സെക്യൂരിറ്റി ഡെപ്പോസിറ്റെന്നും വാടക പ്രതിമാസം 30,000/- രൂപയാണെന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചു. 6 മാസത്തെ വാടക മാത്രം സെക്യൂരിറ്റിയായി നൽകുന്നതിന്റെ സാദ്ധ്യത ആരായണം. സാധ്യമല്ലെങ്കിൽ 4.00 ലക്ഷം രൂപ നൽകാൻ അനുമതി നൽകുന്നു. ഷീ ലോഡ്ജിംഗിന് പറ്റിയ കെട്ടിടവും പരിസരവും ആണെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഉറപ്പ് വരുത്തണം. ഷീ ലോഡ്ജ് പ്രവർത്തനം ആരംഭിച്ച് അധികം താമസിയാതെ പുതിയ കെട്ടിടം പണിയണം.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

4.32പാവറട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.01.2018-ലെ കത്തും 26.12.2017-ലെ 2(4) -ാം നമ്പർ ഭരണസമിതി തീരുമാനവും ( LSGD - DA1-127/2018 - LSGD)

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ശ്രീ മണികണ്ഠൻ, പെരാട്ടി ഹൗസ്, എന്നയാളുടെ മകളുടെ വിവാഹം 06.06.2016 -ൽ നടന്നെങ്കിലും ഒരു വർഷം കഴിഞ്ഞാണ് വിവാഹ ധനസഹായത്തിന് അപേക്ഷിച്ചത്. ഇവർക്ക് ധനസഹായം നൽകാൻ പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.33 പൂതാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.12.2017-ലെ SC1- 11366/17-ാം നമ്പർ കത്ത്

പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകാൻ രണ്ടു പ്രോജക്ടുകൾ 2016-17-ൽ ഉൾപ്പെടുത്തിയിരുന്നു. അതേ വർഷം പ്രോജക്ട് നടപ്പാക്കിയില്ല. ഈ വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്.

പ്രോ.നം.222/18 - അടങ്കൽ 2.00 ലക്ഷം രൂപ (എസ്.സി)

പ്രോ.നം. 225/18 - അടങ്കൽ 3.20 ലക്ഷം രൂപ (റ്റി.എസ്.പി)

2016-17-ലെ ഗുണഭോക്തൃ ലിസ്റ്റിൽ കൂടുതലും ബിരുദ ബിരുദാനന്തര വിദ്യാർത്ഥികളാണ്. പ്രൊഫഷണൽ വിദ്യാർത്ഥികൾ കുറവായിരുന്നു. അതിനാൽ പുതിയ പ്രൊഫഷണൽ വിദ്യാർത്ഥികൾക്കു നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** കഴിഞ്ഞ വർഷത്തെ ലിസ്റ്റിൽ നിന്നും ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികൾക്കും നൽകാവുന്നതാണ്. അതിനുശേഷം ഈ വർഷത്തെ ലിസ്റ്റ് പരിഗണിച്ചാൽ മതി.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.34വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 01.01.2018)

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്പിൽ ഓവർ പ്രോജക്ടുകളുടെ വിഹിതം ലൈഫ് പദ്ധതിയിലേയ്ക്ക് മാറ്റാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** മാറ്റമില്ലാത്ത സ്പിൽ ഓവർ പ്രോജക്ടാണ്. അനുമതി നിരസിച്ചു

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.35 പിറവന്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.12.2017-ലെ കത്തും 04.12.2017-ല ഭരണസമിതി തീരുമാനവും

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്ന പ്രോജക്ട് 2017-18 വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. (പ്രോ.നം. 256/15, 251/18) ഈ പ്രോജക്ടിലെ ഗുണഭോക്തൃ ലിസറ്റിൽ ഉൾപ്പെട്ട ചില വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി. ഇവർക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.36 പിറവന്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.12.2017-ലെ A1-7681/17-ാം നമ്പർ കത്തും 28.11.2017-ലെ 22(1)-ാം നമ്പർ ഭരണ സമിതി തീരുമാനവും**

2017-18 വാർഷിക പദ്ധതിയിൽ ഭവനങ്ങളുടെ മേൽക്കൂര മാറ്റൽ (പ്രോ.നം.145/18 അടങ്കൽ 47,25,000/-രൂപ),വനിത ഗൃഹനാഥയായ കുടുംബത്തിന് ഭവന നിർമ്മാണം (പ്രോ.നം.89/18 അടങ്കൽ 3,26,000/-രൂപ), ഭവനങ്ങളുടെ മേൽക്കൂര മാറ്റി സ്ഥാപിക്കൽ (പ്രോ.നം. 236/18 അടങ്കൽ 31,50,000/- രൂപ) എന്നീ പ്രോജക്ടുകൾ ഉണ്ട്. ഇതിന്റെ ഗുണഭോക്താക്കൾ കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ കനാൽ പുറമ്പോക്ക് ഉൾപ്പെടെയുള്ള പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരാണ്. കനാൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് ആനുകൂല്യങ്ങൾ നൽകരുതെന്നും UA നമ്പർ നൽകരുതെന്നും കല്ലട ഇറിഗേഷൻ പ്രോജക്ട് അധികൃതർ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ഇതൊഴിവാക്കി പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു. എന്നാൽ ഇവർ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എങ്കിൽ പുതിയ വീട് നലകുന്നതു പരിഗണിക്കേണ്ടതാണ്.

**നടപടി: - തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.37 ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 25.01.2018-ലെ കത്ത്**

KVIB-യുടെ കീഴിലുള്ള ഖാദി ഉത്പാദന കേന്ദ്രങ്ങളിൽ ചർക്കയും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുന്നതിന് 2017-18 വർഷം പ്രോജക്ട് തയ്യാറാക്കി യിട്ടുണ്ട്. (പ്രോ.നം. 69 അടങ്കൽ 16,25,000/- രൂപ) ഈ ഉപകരണങ്ങൾ KVIBയുടെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ മുഖേന വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇ-ടെണ്ടർ മുഖേനയോ KVIB–യുടെ അക്രഡിറ്റഡ് ഏജൻസിയിൽ നിന്നോ വാങ്ങാൻ അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.38 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 07.12.2017-ലെ 69/17-ാം നമ്പർ കത്തും 27.11.2017-ലെ 1(7) –ാം നമ്പർ, VII (5) –ാം നമ്പർ എന്നീ ഭരണസമിതി തീരുമാനങ്ങളും**

(i) കശുമാവിൻ തൈ വിതരണത്തിന് താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ 2017-18 വാർഷിക പദ്ധതിയിൽ തയ്യാറാക്കിയിട്ടുണ്ട്.

1) പ്രോ.നം. 793/18 കശുമാവിൻ തൈ വിതരണം അടങ്കൽ 1.00 കോടി രൂപ (എസ്.സി.എസ്.പി , വനിത)
2) പ്രോ.നം. 797/18 കശുമാവിൻ തൈ വിതരണം അടങ്കൽ 70.00 ലക്ഷം രൂപ (ജനറൽ)

കുടുംബശ്രീ ഗ്രൂപ്പിലെ വ്യക്തികൾക്ക് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി),ഡി.എ)വകുപ്പ്**

(ii) തെങ്ങമം ജി.എച്ച്.എസ്എസിൽ കെട്ടിട നിർമ്മാണത്തിനായി RMSA ഫണ്ടിൽ നിന്ന് 23.10 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന് അനുവദിച്ചിരുന്നു. ഇതിൽ 11.55 ലക്ഷം രൂപ ലഭിച്ചു. ഇതേ സ്കൂളിന് MLASDF-ൽ 1.00 കോടി രൂപ അനുവദിച്ചിരുന്നു. അതിന്റെ നിർമ്മാണം (ഒന്നാം നില) സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര മുഖേന നടന്നുകൊണ്ടിരിക്കുകയാണ്. RMSA വിഹിതം ഉപയോഗിച്ചുള്ള നിർമ്മാണവും സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.39 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 17.01.2018-ലെ 75/18-ാം നമ്പർ കത്തും 26.12.2017-ലെ IV(4) -ാം നമ്പർ ഭരണസമിതി തീരുമാനവും.

അപ്പർ കുട്ടനാട് പ്രദേശത്ത് നെൽക്കൃഷിക്ക് നെൽവിത്ത് സബ്സിഡി നൽകാൻ ജില്ലാ പഞ്ചായത്തിൽ നിന്ന് ഗ്രാമപഞ്ചായത്തിന് തുക കൈമാറാനും കേരള സീഡ്സ് അതോറിറ്റി, നാഷണൽ സീഡ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, കർണ്ണാടക സീഡ്സ് അതോറിറ്റി, എന്നീ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** കേരള സീഡ്സ് അതോറിറ്റി, കാർഷിക സർവകലാശാല എന്നിവിടങ്ങളിൽ നിന്നോ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ഗുണനിലവാരം ഉറപ്പുവരുത്തി കേരളത്തിൽ മറ്റ് സ്ഥലങ്ങളിൽ നിന്നോ വാങ്ങണം എന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ)േവകുപ്പ്**

## 4.40 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 17.01.2018-ലെ 74/18-ാം നമ്പർ കത്ത്

2007-ൽ റാന്നി- പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ 'സ്വജലധാര' ശുദ്ധജല വിതരണ പദ്ധതി ആരംഭിച്ചു. ഇതിന്റെ പൈപ്പും മോട്ടോറും പ്രവർത്തന രഹിതമായി. ഇതിന്റെ പുനഃരുദ്ധാരണത്തിന് 12.00 ലക്ഷം രൂപയുടെ ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതക്ക് സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.41 നീണ്ടകര ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 10.11.2017-ലെ കത്തും 07.11.2017-ലെ 1(2)ാം നമ്പർ ഭരണസമിതി തീരുമാനവും

നീണ്ടകര പഞ്ചായത്ത് കോസ്റ്റൽ റഗുലേഷൻ സോൺ (CRZ) നിയമം ബാധകമായ പഞ്ചായത്താണ്. ഈ മേഖലയിൽ താൽക്കാലികമായ വീട്ടു നമ്പർ ഉള്ള കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.42 വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.01.2018-ലെ കത്ത്

പട്ടികജാതി വിഭാഗക്കാർക്ക് ''ഭവന സമുച്ചയം'' എന്ന പ്രോജക്ടിന് 76,03,000/- രൂപ വകയിരുത്തിയിട്ടുണ്ട്. (പ്രോ.നം. 170/18) 21 കുടുംബങ്ങൾക്കാണ് സമുച്ചയം നിർമ്മിക്കുന്നത്. ആകെ അടങ്കൽ 3.58 കോടി രൂപ. ബഹു വർഷ പ്രോജക്ടായാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. നിർവഹണം കോസ്റ്റ് ഫോർഡ് മുഖേന. ആദ്യ ഗഡുവായി 20% തുക കോസ്റ്റ് ഫോർഡിന് അഡ്വാൻസായി നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-**

1) ഒരു വീടിന്റെ യൂണിറ്റ് ചെലവ് 17.04 ലക്ഷം രൂപ. ഇത് കൂടുതലാണ്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഇത് പരിശോധിച്ച് കുറഞ്ഞ യൂണിറ്റ് നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ വേണ്ട ഇടപെടൽ നടത്തണം.
2) അനുമതി നിരസിച്ചു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.43 കിഴുവിലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.01.2018-ലെ എ.എസ് 3524/17-ാം നമ്പർ കത്ത് (LSGD_DA1/131/2018- LSGD)

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം.128/18 അടങ്കൽ 9,00,000/- രൂപ ) ഇതിൽ വിദൂര വിദ്യാഭ്യാസത്തിൽ പഠിക്കുന്ന കുട്ടികൾക്കും ലാപ് ടോപ് നൽകാൻ അനുമതി സംബന്ധിച്ച് ഇതിൽ രണ്ട് ഗുണഭോക്താക്കൾ BA, BCom കോഴ്സിനും ഒരാൾ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ് എന്ന സ്ഥാപനത്തിൽ നിന്ന് സി.എ കോഴ്സുമാണ് പഠിക്കുന്നത്.

**തീരുമാനം :-** സി.എ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥിക്ക് മാത്രം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകാൻ അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.44 ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 01.02.2018-ലെ കത്ത്

നൂറനാട് ലെപ്രസി സെന്ററിന്റെ പരിസര പ്രദേശങ്ങൾ കാട്ടു പിടിച്ചു കിടക്കുകയാണ്. ഇവിടം വൃത്തിയാക്കാൻ 2 കാട്ടുവെട്ടിയന്ത്രം വാങ്ങി നൽകണമെന്ന്

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ബ്ലോക്ക് പഞ്ചായത്തിനോടാവശ്യപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് കാട്ടുവെട്ടി യന്ത്രം വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** 1) അനുമതി നൽകുന്നു.
2) ഈ പ്രദേശത്ത് കൃഷി ചെയ്യാനുള്ള സാദ്ധ്യത പരിശോധിച്ച് കൃഷി ചെയ്യാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നടപടി സ്വീകരിക്കണം

**നടപടി: - 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) കുടുംബശ്രീ**

## 4.45 പാലക്കാട് മുനിസിപ്പൽ ചെയർ പേഴ്സന്റെ 27.01.2018-ലെ A6-1473/17-ാം നമ്പർ കത്ത്

2016-17-ലെ ചില പ്രോജക്ടുകൾ മാറ്റമില്ലാത്ത സ്പിൽ ഓവറായി 2017-18-ൽ തുടരുന്നുണ്ട്. ഈ പ്രോജക്ടുകൾ ഭേദഗതി ചെയ്ത് ലൈഫ് പദ്ധതിയിലേയ്ക്ക് തുക മാറ്റാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.46 പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.11.2017-ലെ A3-2500/17-ാം നമ്പർ കത്ത്

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം ചെയ്യുന്ന പ്രോജക്ട് ഈ വർഷം നടപ്പാക്കി. ആകെ 18 ഗുണഭോക്താക്കൾ. ഇവരിൽ ഒരാൾ ബി.ടെകിനും ഒരാൾ ബികോമിനും പഠിക്കുന്നു. ഇവർക്ക് നൽകിയ ഫർണിച്ചറിന്റെ തുക നൽകുന്നതിന് സർക്കാർ അനുമതി വേണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചതനുസരിച്ച് പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.47 അടൂർ നഗരസഭാ ചെയർപേഴ്സന്റെ 6.01.2018-ലെ കത്ത് ( LSGD/DA1/129/2018-LSGD)

2016-17-ൽ നാല് നിർമ്മാണ പ്രോജക്ടുകൾ ഗുണഭോക്തൃ സമിതി വഴി നടപ്പാക്കാൻ അംഗീകാരം ലഭിച്ചതാണ്. ഈ വർഷം ഇവ മാറ്റമില്ലാത്ത സ്പിൽ ഓവറായി തുടരുന്നുണ്ട്. ഇവയുടെ അടങ്കൽ 2.00 ലക്ഷം രൂപ വീതമാണ്. ഇവയ്ക്ക് കഴിഞ്ഞ വർഷം സാങ്കേതികാനുമതി വാങ്ങിയിരുന്നില്ല. ഇവ ഗുണഭോക്തൃ സമിതി മുഖേന തന്നെ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ). വകുപ്പ്**

**4.48ആനക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.12.2017-ലെ A1-6333/17-ാം നമ്പർ കത്തും 15.11.2017-ലെ 2(1) -ാം നമ്പർ ഭരണസമിതി തീരുമാനവും (LSGD-DA1/35/2015/- LSGD)**

പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്നതിന് 2016-17, 2017-18 വർഷങ്ങളിൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. ശ്രീ. ശങ്കരൻ പെറ്റമ്മൽ , ശ്രീമതി ലക്ഷ്മി പിലായ്ക്കൽ, ശ്രീമതി നിർമ്മല തേനാംകുന്ന് എന്നിവരുടെ മക്കളുടെ വിവാഹത്തിന് ധനസഹായത്തിന് അപേക്ഷ നിശ്ചിത കാലാവധിക്കു ശേഷമാണ് നൽകിയത്. ഇവർക്കു കൂടി ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.49 ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 05.01.2018-ലെ കത്തും 04.12.2017-ലെ 1(5) -ാം നമ്പർ ഭരണസമിതി തീരുമാനവും**

2016-17-ലെ താഴെപ്പറയുന്ന പ്രോജക്ടുകൾ 2017-18 വർഷം മാറ്റമില്ലാത്ത സ്പിൽ ഓവറായി തുടരുന്നുണ്ട്. ഈ പ്രോജക്ടിൽ ചെലവഴിക്കാത്ത തുക മിച്ചമുണ്ട്.

| | | | | |
|---|---|---|---|---|
| 1 | പ്രോ.നം.76/18 | കടലാസ് തുണി സഞ്ചി യൂണിറ്റ് (ജനറൽ) | ചെലവഴിക്കാത്ത തുക | 9,00,000/- രൂപ |
| 2 | പ്രോ.നം.77/18 | കടലാസ് തുണി സഞ്ചി യൂണിറ്റ് (എസ്.സി.എസ്.പി) | ” | 14,00,000/ രൂപ |
| 3 | പ്രോ.നം.101/18 | ജൈവവളം, ജൈവ കീടനാശിനി യൂണിറ്റ് | ” | 5,54,464/- രൂപ |
| 4 | പ്രോ.നം.102/18 | പച്ചക്കറി വികസനം ടെറസിൽ | ” | 1,58,250/- രൂപ |

ഈ തുക ലൈഫ് മിഷനിലേയ്ക്ക് മാറ്റാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.50 നെടുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.01.2018-ലെ കത്തും 29.11.2017-ലെ 13(3) നമ്പർ, 10.11.2017-ലെ 2(3)-ാം നമ്പർ ഭരണസമിതി തീരുമാനവും**

(i) 2015-16 വർഷത്തെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് എന്ന പ്രോജക്ട് 2016-17 വർഷം സ്പിൽ ഓവറായി നടപ്പാക്കി. 18 ഗുണഭോക്താക്കൾക്ക് ലാപ് ടോപ് വാങ്ങിയെങ്കിലും 3 ഗുണഭോക്താക്കൾ അനർഹരാണെന്ന് കണ്ടെത്തിയതിനാൽ ഇവർക്ക് ലാപ് ടോപ് നൽകിയില്ല. വിതരണം ചെയ്യാത്ത ഇവ 2017-18-ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** അനുമതി നൽകുന്നു

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

(ii) ഗ്രാമപഞ്ചായത്തിലെ കേടായ തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കാൻ ടെണ്ടർ വിളിച്ചപ്പോൾ പോൾ ഒന്നിന് ഏറ്റവും കുറഞ്ഞ നിരക്ക് 97/- രൂപയാണ് ലഭിച്ചത്. നിലവിലെ സർക്കാർ നിരക്ക് 75/- രൂപയാണ്. ഈ നിരക്ക് 28.12.2016-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പോൾ ഒന്നിന് 100/- രൂപയാക്കി നിശ്ചയിച്ചിരുന്നു. ഈ നിരക്ക് (പരമാവധി) ബാധകമാക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം** :- പോൾ ഒന്നിന് പരമാവധി 100/- രൂപ നൽകാവുന്നതാണ്

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.51 മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 2012.2017-ലെ M 4-4888/17-ാം നമ്പർ കത്ത്.

പൊതു ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കുന്നതിന് 7,35,000/-രൂപ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം. 43/17). ഇത് വെറ്റിംഗ് ഓഫീസറും അപ്പലേറ്റ് കമ്മിറ്റിയും നിരസിച്ചു. 2013-14 മുതൽ 2016-17 വരെ യൂസർ ഫീ നൽകുന്നത് മെയിന്റനൻസ് ഗ്രാന്റിൽ നിന്നാണ് ഈ പ്രോജക്ട് അനുമതി സംബന്ധിച്ച്

**തീരുമാനം** :-- ഈ വർഷത്തേയ്ക്കു കൂടി പ്രത്യേക അനുമതി നൽകുന്നു. വരും വർഷങ്ങളിൽ ഇപ്രകാരം മെയിന്റനൻസ് ഗ്രാന്റ് നൽകാവുന്നതല്ല.

**നടപടി: - തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.52 പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.11.2017-ലെ p2-750/15-ാം നമ്പർ കത്തും 07.03.2017-ലെ VII(8) -ാം നമ്പർ ഭരണ സമിതി തീരുമാനവും.

മാലിന്യം കൊണ്ടു പോകുന്നതിന് പ്രത്യേകം രൂപകല്പന ചെയ്ത വാഹനം വാങ്ങുന്നതിന് 2016-17 വർഷം പ്രോജക്ട് എടുത്തിട്ടുണ്ട്. അടങ്കൽ 7.00 ലക്ഷം രൂപ. വാഹനം വാങ്ങാൻ ഇ-ടെണ്ടർ നടപടി പൂർത്തിയായി. കോഓർഡിനേഷൻ കമ്മിറ്റിയുടെ 01.02.2017-ല തീരുമാന പ്രകാരം (ഖണ്ഡിക 2.7) ഇപ്രകാരം വാഹനം വാങ്ങാൻ സർക്കാർ അനുമതി വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം** :- പ്രത്യേകം രൂപകല്പന ചെയ്ത വാഹനം ആയതിനാൽ അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

## 4.53 കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും (ലഭിച്ചത് 03.02.2018-ൽ) 17.01.2018 4(1) -ാം നമ്പർ ഭരണ സമിതി തീരുമാനവും

റ്റി.എസ്.പി. വിഹിതമായി ബ്ലോക്കിന് 1,40,000/-രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബ്ലോക്ക് പരിധിയിൽ പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ല. അതിനാൽ ഈ

തുക ബ്ലോക്ക് പരിധിയിലുള്ള മാറഞ്ചേരി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥിനികളുടെ പ്രീ-മെട്രിക് ഹോസ്റ്റലിൽ ശുചിത്വം സംബന്ധിച്ച അടിസ്ഥാന സൗകര്യമൊരുക്കാൻ ചെലവഴിക്കാനായി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് കൈമാറാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.54 പെരുമ്പാവൂർ മുനിസിപ്പൽ ചെയർപേഴ്സന്റെ 07.12.2017-ലെ CDS- 12836/17-ാം നമ്പർ കത്തും (LSGD - DB1/411/2017-LSGD)

ലൈഫ് പദ്ധതിക്ക് എസ്.സി.എസ്.പി.യിലും പൊതു വിഭാഗത്തിലും ഫണ്ടിന്റെ ലഭ്യത കുറവുണ്ട്. അതിനാൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ നിന്നും 50.00 ലക്ഷം രൂപ ഭവന നിർമ്മാണത്തിന് വകയിരുത്തിയിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതി നിരസിച്ച ഈ പ്രോജക്ടിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

## 4.55 റാന്നി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.01.2018-ലെ B1-1415/17-ാം നമ്പർ കത്ത്

2017-18-ലെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ധനസഹായം നൽകുന്നതിന് വരുമാന പരിധി പൊതു വിഭാഗത്തിന് 1.00 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് 2.00 ലക്ഷം രൂപയുമാണ് . (ഖണ്ഡിക 2.12) ഈ നിബന്ധന നിലനിൽക്കുന്നതിനാൽ കൃഷി മേഖലയിൽ പല പ്രോജക്ടുകളും നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ടെന്നും സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** മുകളിൽ പറഞ്ഞ വരുമാന പരിധി പൊതു നിർദ്ദേശമാണ്. എന്നാൽ ഉൽപാദന വർദ്ധനവിനുള്ള മേഖലയെ ഇതിൽ നിന്നൊഴിവാക്കിയാണ് മാർഗ്ഗരേഖ തയ്യാറാക്കിയിരിക്കുന്നത്. അത്തരം പ്രോജക്ടുകളിൽ അർഹതാ മാനദണ്ഡം എന്താണെന്ന് ഓരോ സ്കീമിന്റേയും ഒപ്പം ചേർത്തിട്ടുണ്ട്. ഇപ്രകാരം ചേർത്തിരിക്കുന്ന അർഹതാ മാനദണ്ഡപ്രകാരം പ്രോജക്ട് നടപ്പാക്കാവുന്നതാണ് എന്ന് സ്പഷ്ടീകരണം നൽകുന്നു. കൃഷിമേഖലയിലെ മിക്ക പ്രോജക്ടുകളും നാമമാത്ര/ചെറുകിട കർഷകർക്ക് ധന സഹായം നൽകുന്ന രീതിയിലാണ് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിരിക്കുന്നത്.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.56 SSA സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ 22.01.2018-ലെ കുറിപ്പ്

തദ്ദേശഭരണ സ്ഥാപനങ്ങൾ SSAയ്ക്കു വേണ്ടി നൽകേണ്ട ആകെ തുക 231.87 കോടി രൂപയാണ് ഇതുവരെ 116.87 കോടി രൂപ മാത്രമേ നൽകിയിട്ടുള്ളൂ. കേന്ദ്ര വിഹിതമായി ലഭിക്കേണ്ടത് 338.84 കോടി രൂപയാണ്. എന്നാൽ 135.00 കോടി രൂപ മാത്രമേ നൽകുകയുള്ളൂവെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ SSA പദ്ധതി നടപ്പാക്കാൻ തടസ്സം നേരിടുന്നു. അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകേണ്ട തുക നൽകാൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** പൊതു തീരുമാനം 3.15 ബാധകമാണ്. ജില്ലാ ആസൂത്രണസമിതിയുമായി ചേർന്ന് അതാതു ജില്ലകളിൽ നടപടി സ്വീകരിക്കേണ്ട വിഷയമാണ് ഇതെന്ന് യോഗം നിരീക്ഷിച്ചു. SSA പ്രോജക്ട് മാനേജർമാർക്ക് പ്രോജക്ട് ഡയറക്ടർ ആവശ്യമായ നിർദ്ദേശം നൽകണം.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.57 തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 10.10.2017-ലെ J1/6352/17-ാം നമ്പർ കത്ത്

താഴെപ്പറയുന്ന പ്രോജക്ടുകൾ കോർപ്പറേഷന്റെ കരട് പദ്ധതി രേഖയിൽ ഉണ്ടായിരുന്നു. മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇവ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

(i) കോർപ്പറേഷൻ നടത്തുന്ന നഴ്സറി സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിഫോം, കുട, പുസ്തകം എന്നവ സൗജന്യമായി നൽകുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :--** പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കണം.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

(ii) കോർപ്പറേഷൻ ഏരിയയിൽ ഫോഗിംഗ് നടത്തുന്നതിന് 25 ടൂ വീലർ വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** പ്രോജക്ട് ജില്ലാ ആസൂത്രണസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കണം.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്**

(iii) ഡ്രെയിനേജ് ബ്ലോക്ക് ആകുമ്പോൾ മാലിന്യം സക്ക് ചെയ്യാൻ ഒരു വലിയ വാഹനവും 2 ചെറിയ വാഹനവുമാണ് ഉള്ളത്. ചെറിയ വാഹനങ്ങൾ കേടുപാടുകൾ സംഭവിച്ചതാണ്. ആയതിനാൽ വലുതും ചെറുതുമായ രണ്ട് സക്കിംഗ് മെഷീനുകൾ ഉൾപ്പെടെ വാഹനം വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പ്രോജക്ട് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കണം

**നടപടി: - തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

## 4.58 വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.12.2017-ലെ G1-583/17-ാം നമ്പർ കത്ത്

കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് 5.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചു. ഇത് സി.ഡി.എസ്. ചെയർ പേഴ്സന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറി കുടുംബശ്രീ യൂണിറ്റിന് സബ്സിഡിയായി നൽകുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** റിവോൾവിംഗ് ഫണ്ട് സബ്സിഡി നൽകാൻ ഉപയോഗിക്കാവുന്നതല്ല. കുടുംബശ്രീ യൂണിറ്റുകളിൽ ആന്തരിക വായ്പാ പ്രവർത്തന ത്തിലൂടെ കൂടുതൽതുക വായ്പയായി യൂണിറ്റുകൾക്ക് ലഭ്യമാക്കുക എന്നതാണ് റിവോൾവിംഗ് ഫണ്ടിന്റെ ലക്ഷ്യം. പലിശ രഹിതമായി തുക ഒരു യൂണിറ്റിനു നൽകി ആ യൂണിറ്റിൽ നിന്നും തിരിച്ചടവ് വന്ന് വീണ്ടും മറ്റൊരു യൂണിറ്റിന് തുക നൽകുന്ന രീതിയിലാണ് റിവോൾവിംഗ് ഫണ്ട് ഉപയോഗിക്കേണ്ടത്.

**നടപടി: - തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

## 4.59ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.01.2018-ലെ 123/184/18-ാം നമ്പർ കത്തും 20.01.2018-ലെ 16(1)-ാം നമ്പർ ഭരമസമിതി തീരുമാനവും.

പഞ്ചായത്ത് ഓഫീസിനു മുകളിൽ ക്ലോക്ക് ടവർ നിർമ്മാണം എന്ന പ്രോജക്ട് 2014-15-ൽ ഏറ്റെടുത്ത് ഈ വർഷം സ്പിൽഓവറായി ഉൾപ്പെടുത്തിയിരുന്നു. പ്രോ.നം. 184/18 അടങ്കൽ 4,50,000/- രൂപ(തനത് ഫണ്ട്) പ്രോജക്ട് രൂപീകരണ വർഷം അടങ്കൽ 5,50,000/- രൂപയായിരുന്നു. പ്രോജക്ട് ക്യാരിഓവർ ചെയ്തപ്പോൾ 4,50,000/- എന്ന് തെറ്റായി ചേർത്തതാണ്. അധികമായി വേണ്ട 1.00 ലക്ഷം രൂപ കൂടി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** തനത് ഫണ്ട് ആയതിനാൽ അധിക തുക ഉൾപ്പെടുത്താൻ അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.60 ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.01.2018-ലെ A10-7034/17-ാം നമ്പർ കത്ത്

സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്നതു പ്രതിപദിക്കുന്ന

ഖണ്ഡികയിൽ ഒരു ദമ്പതികൾക്ക് ഒരു പ്രാവശ്യം മാത്രമേ ധനസഹായം നൽകാവൂ എന്നുണ്ട് (ഖണ്ഡിക 11.5). ഒരു ദമ്പതികളുടെ രണ്ട് പെൺകുട്ടികൾക്ക് ധനസഹായം നൽകാമോ എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** വിവാഹം കഴിക്കുന്ന ദമ്പതികൾക്ക് ഒരിക്കൽ മാത്രമേ ധനസഹായം നൽകാവൂ എന്നാണ് മാർഗ്ഗരേഖയിൽ ഉദ്ദേശിച്ചത്. ഒരേ ദമ്പതികളുടെ രണ്ട് മക്കളുടെ വിവാഹത്തിന് ധനസഹായം നൽകാവുന്നതാണ് എന്ന് സ്പഷ്ടീകരണം നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.61 പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.12.2017-ലെ A2-671/17-ാം നമ്പർ കത്ത്**

വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതു വിഭാഗത്തിൽ 22,01,000/- രൂപയും എസ്.സി.എസ്.പി.യിൽ 12,18,000/- രൂപയും . തടിയിൽ പണിത കട്ടിൽ നൽകാനാണ് സർക്കാർ അനുമതി നൽകിയിരിക്കുന്നത്. ഇതിന് പകരം സ്റ്റീലിൽ നിർമ്മിച്ച കട്ടിൽ നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.62കോയിപ്രം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും 28.11.2017-ലെ XIX -ാം നമ്പർ ഭരണസമിതി തീരുമാനവും**

2016-17 വർഷം ക്രിമിറ്റോറിയം പണിയുന്നതിന് 45.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. (ജില്ലാ പഞ്ചായത്ത് വിഹിതം 40.00 ലക്ഷം രൂപ, ഗ്രാമപഞ്ചായത്ത് വിഹിതം 5.00 ലക്ഷം രൂപ) ഗ്രാമപഞ്ചായത്ത് വിഹിതം തനത് ഫണ്ട്. 2017-18 വർഷം സ്പിൽ ഓവറായി തുടരുന്നു. ടെണ്ടർ മുഖേന നടപ്പാക്കാനാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ടെണ്ടറിനു പകരം അക്രഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു. ഇ-ടെണ്ടർ നടപടിക്രമം പാലിക്കേണ്ടതാണ്.

**നടപടി: - തദ്ദേശസ്വയംഭരണ .(ഡി.ബി) വകുപ്പ്**

**4.63ബഹു. ചാലക്കുടി എം.എൽ.എയുടെ 29.12.2017-ലെ കത്തും ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 28.12.2017-ലെ കത്തും.**

(i) ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ പുളിയിലപ്പാറ ഭാഗത്ത് വനം മേഖലയിൽ 'അമ്മ വീട്'എന്ന പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. (അടങ്കൽ 25.00 ലക്ഷം രൂപ) പട്ടികവർഗ്ഗവിഭാഗത്തിലെ നവജാത

ശിശുക്കളുടേയും ഗർഭിണികളുടേയും ആരോഗ്യ സംരക്ഷണമാണ് ലക്ഷ്യം. വനസംരക്ഷണസമിതി മുഖേന നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ വന സംരക്ഷണസമിതി നിർവഹണ ഏജൻസിയുടെ ലിസ്റ്റിൽ ഇല്ലാത്ത തിനാൽ ലിസ്റ്റിൽ ഉൾപ്പെടുത്തി ഈ സമിതിയെ നിർവഹണ ഏജൻസിയാക്കുന്നത് സംബന്ധിച്ച് .

**തീരുമാനം:-** വനമേഖലയിൽ ഇത്തരം പ്രോജക്ക് നടപ്പാക്കാനുള്ള അക്രഡിറ്റഡ് ഏജൻസിയായി വനം സംരക്ഷണ സമിതിയെ കൂടി നിശ്ചയിക്കണമെന്ന് ധനകാര്യ വകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

(ii) ധാരാളം വിനോദ സഞ്ചാരികൾ വരുന്ന ആതിരപ്പള്ളി വിനോദ സഞ്ചാര കേന്ദ്രത്തിൽ ഒരു ഷീ ടോയ് ലറ്റ് പണിയാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രോ.നം. 26/18 (അടങ്കൽ 30 ലക്ഷം രൂപ) ഇതും VSS മുഖേന നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം:-** വനമേഖലയിൽ ഇത്തരം പ്രോജക്ക് നടപ്പാക്കാനുള്ള അക്രഡിറ്റഡ് ഏജൻസിയായി വനം സംരക്ഷണ സമിതിയെ കൂടി നിശ്ചയിക്കണമെന്ന് ധനകാര്യ വകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ശുചിത്വ മിഷന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചുവേണം ടോയ് ലറ്റ് പണിയേണ്ടത്.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.64 തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 31.01.2018-ലെ DB3/753/2012/തസ്വഭവ കത്തും തലശ്ശേരി നഗരസഭയിൽ താമസിക്കുന്ന ശ്രീ. അശോകൻ എം. (അനന്യ നിവാസ്) എന്ന ആളുടെ 08.11.2017-ലെ കത്ത്**

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം ലഭിക്കുന്നതിന് ശ്രീ.അശോകൻ എം. എന്ന ആൾ നിലവിലെ വീടിന്റെ പ്ലാൻ സഹിതം അപേക്ഷ നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ 50,000/- രൂപ നഗരസഭയിൽ നിന്ന് അഡ്വാൻസ് നൽകി. മാർഗ്ഗരേഖപ്രകാരം 800 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകളിൽ പഠന മുറി നിർമ്മിക്കാനാണ് അനുമതി. എന്നാൽ വീടിന്റെ തറ വിസ്തീർണ്ണം 964 ചതുരശ്ര അടിയാണ്. അതിനാൽ തുക തിരികെ അടയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു. ഇതിന്മേൽ നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** പ്ലാൻ പ്രകാരമുള്ള ഭവനത്തിനോട് ചേർന്ന് പഠനമുറി നിർമ്മിക്കാൻ പ്രത്യേക അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.65 **ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 11.01.2018-ലെ കത്തും 28.12.2017-ലെ 2(3) -ാം നമ്പർ ഭരണ സമിതി തീരുമാനവും.**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി പണിയുന്നതിനുള്ള പ്രോജക്ടിന് (പ്രോ.നം. 11/18, അടങ്കൽ 10.00 ലക്ഷം രൂപ) അംഗീകാരം സംബന്ധിച്ച്

**തീരുമാനം :-** ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം നിർവഹണം നടത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

4.66 **കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.01.2018-ലെ AZ10/18-ാം നമ്പർ കത്ത്**

താഴെപ്പറയുന്ന പ്രോജക്ടുകൾ മാറ്റമില്ലാത്ത സ്പിൽ ഓവറായി 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു. ഈ പ്രോജക്ടുകളുടെ സേവിംഗ്സ് തുക ലൈഫ് പദ്ധതിക്കായി വകയിരുത്തുന്നതിനായി ഈ പ്രോജക്ടുകൾ ഭേദഗതി ചെയ്തു. ഭേദഗതി ചെയ്തതിനാൽ ഇതിന്റെ അടങ്കൽ 2017-18 ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുകയും വാലിഡേഷനെ ബാധിക്കുകയും ചെയ്തു. ഭേദഗതി പ്രക്രിയ ഒഴിവാക്കി പൂർവ്വ സ്ഥിതിയിലെപോലെ ക്യാരിഓവർ വിഹിതത്തിൽ പ്രോജക്ട് ഉൾപ്പെടുന്ന രീതിയിലാക്കണമന്നതു സംബന്ധിച്ച്

| ക്രമ നം | പ്രോ.നം. | പ്രോജക്ടിന്റെ പേര് | വികസനഫണ്ട് വിഹിതം |
|---|---|---|---|
| 1 | 149/18 | ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണിയും പ്രവേശനകവാടം നിർമ്മാണവും | 2,90,000/- രൂപ |
| 2 | 150/18 | കാർഷികോപകരണങ്ങൾ സൂക്ഷിക്കുന്നതിന് കൃഷി ഭവനു സമീപം ഷെഡ് നിർമ്മാണം | 1,00,000/- രൂപ |
| 3 | 155/18 | വടക്കാഞ്ചേരി ഗവ.യു.പി. സ്കൂളിന് അറ്റകുറ്റപ്പണി | 1,05,000/- രൂപ |

**തീരുമാനം :-** ഇതിനാവശ്യമായ ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യാൻ ഐ.കെ.എം.എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിച്ചു.

**നടപടി: - എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

4.67 **പെരുവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.01.2018-ലെ 358/17-ാം നമ്പർ കത്ത്**

ശ്രീമതി. ബിന്ദു. എം.കെ. എന്നയാളുടെ മകളുടെ വിവാഹം നടന്നത് 26.07.2016നാണ്. വിവാഹ ധനസഹായത്തിന് അപേക്ഷിച്ചത് 29.05.2017-

നാണ്. നിശ്ചിത കാലാവധിക്കുശേഷം അപേക്ഷിച്ചതിനാൽ ഈ ഗുണഭോക്താവിന് സഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.68 ബഹു. മണ്ണാർക്കാട് എം.എൽ.എയുടെ 06.02.2018-ലെ കത്തും അലനല്ലൂർ പഞ്ചായത്തിന്റെ 24.11.2017-ലെ 4(1)-ാം നമ്പർ ഭരണസമിതി തീരുമാനവും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ 06.02.2018-ലെ കത്തും**

ഒ.ഡി.എഫ് പദ്ധതിക്ക് ശുചിത്വ മിഷൻ വിഹിതമായും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായും ലഭിച്ച 15,75,000/- രൂപ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ഉണ്ട്. ഈ തുക ലൈഫ് ഭവന പദ്ധതിയിൽ പണി പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

**4.69 ബഹു. ഫിഷറീസ് വകുപ്പുമന്ത്രിയുടെ 02.02.2018-ലെ 3715/VIP/18/M (F&HE)നമ്പർ കുറിപ്പ്**

പെരിനാട് ഗ്രാമപഞ്ചായത്തിൽ വികസന ഫണ്ടിൽ നിന്ന് 2.00 ലക്ഷം രൂപ മുടക്കി കുഴൽ കിണർ കുഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടതാണ്.

**നടപടി: - തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.70 കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.02.2017-ലെ A3/1110/18-ാം നമ്പർ കത്ത്**

പഞ്ചായത്തിലെ കരുമാല്ലൂർ ഗവ.എം.ഐ.യു.പി.എസ്, കരുമാല്ലൂർ എൽ.പി. എസ്, കരുമാലൂർ സെറ്റിൽമെന്റ് സ്കൂൾ എന്നീ വിദ്യാലയങ്ങളിലെ വെള്ളക്കരം കുടിശ്ശികയുണ്ട്. റവന്യൂ അദാലത്തിൽ പിഴയും പിഴപലിശയും ഒഴിവാക്കി നൽകിയിട്ടുണ്ട്. 31.03.2018-നകം തുക അടയ്ക്കണം. ഇതിനായി വികസനഫണ്ട്/ മെയിന്റനൻസ് ഫണ്ട് / തനത് ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി: - തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പ്**

(യോഗം വൈകിട്ട് 5 .00 മണിക്ക് അവസാനിച്ചു)